'മതികെട്ടാൻചോല ഇനി മാണിക്ക് സ്വന്തം'

# മതികെട്ടാൻചോല: പുറത്തുകൊണ്ടുവന്നത് പ്രകാശ്

മീഡിയാമേറ്റ് ന്യൂസ് സർവ്വീസ്

മതികെട്ടാൻചോലയിലെ സംഘടിത വനംകൈയേറ്റം പുറംലോകത്തെ അറിയിച്ചത് 'മാധ്യമം 'പത്രത്തിന്റെ എറണാംകുളം ബ്യൂറോ ലേഖകനായ പി.കെ. പ്രകാശാണ്. നിത്യഹരിതവനങ്ങൾ ഏലം റിസർവ്വുകളാണെന്ന വ്യാജേന ആദിവാസികളെ മുൻനിറുത്തി റവന്യൂമന്ത്രിയുടെ ഒത്താശയോടെ വെട്ടിവെളുപ്പിച്ച് കൈയേറുമ്പോൾ പ്രകാശ് 'മാധ്യമം' അഞ്ചാം പതിപ്പിൽ എഴുതിയ 'മതികെട്ടാൻചോല ഇനി മാണിക്ക് സ്വന്തം' എന്ന റിപ്പോർട്ടാണ് ഈ പകൽക്കൊള്ള പുറത്തുകൊണ്ടുവന്നത്.

ഇതിനെ തുടർന്ന് വിഷയം പുറത്തായതോടെ വനംവകുപ്പുമന്ത്രി സുധാകരൻ മതികെട്ടാൻചോല സന്ദർശിക്കുകയും മന്ത്രിസഭായോഗത്തിൽ വിഷയം ചർച്ചയാകുകയും ചെയ്തു. ഇതോടെ മറ്റ് പത്ര-ദൃശ്യമാധ്യമങ്ങളും രംഗത്തെത്തി. പ്രതിപക്ഷനേതാവായ വി.എസ്. അച്യുതാനന്ദനും മതികെട്ടാൻചോലസന്ദർശിച്ചതോടെ മാധ്യമങ്ങളിൽ മതികെട്ടാൻചോല നിറഞ്ഞു.

വിവാദമായ റിപ്പോർട്ടുകൾ പ്രകാശിന്റേതായി പുറത്തുവരുന്നത് ഇതാദ്യമല്ല. മൂന്നാറിലെ കണ്ണൻദേവൻ കമ്പനിയുടെ മറവിൽ റ്റാറ്റാടീ നടത്തുന്ന വനം കൈയേറ്റത്തെ കുറിച്ചും അതിൽ സി.പി.ഐ. ക്കുള്ള പങ്കിനെ കുറിച്ചുമുള്ള പ്രകാശിന്റെ റിപ്പോർട്ട് വിവാദമുയർത്തിയിരുന്നു. ഇതേത്തുടർന്ന് വാർത്ത അടിസ്ഥാനരഹിതമാണ് എന്ന് കാണിച്ച് റ്റാറ്റാ ടീ പ്രസ്സ് കൗൺസിലിൽ പരാതികൊടുത്തിരുന്നു. എന്നാൽ പരാതിയിൽ കഴമ്പില്ല എന്ന് കണ്ട് കൗൺസിൽ ഇത് തള്ളികളയുകയായിരുന്നു. പ്രകാശിനും 'മാധ്യമ'ത്തിനുമെതിരെ കോടതിയിൽ റ്റാറ്റാ ടീ ഫയൽ ചെയ്ത കേസ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മുഖ്യധാരയിൽ നിന്ന് വിട്ടു പോകുന്ന ഒട്ടേറെ അന്വേഷണാത്മക റിപ്പോർട്ടുകൾ പ്രകാശിന്റേതായി പുറത്തുവന്നിട്ടുണ്ട്. ആദിവാസി ഭൂപ്രശ്നം, പരിസ്ഥിതിപ്രശ്നങ്ങൾ തുടങ്ങിയ രംഗങ്ങളിൽ പത്രപ്രവർത്തനരംഗത്ത് നടത്തിയ ഇടപെടലുകൾ കണക്കിലെടുത്ത് 2001ലെ കെ. ജയചന്ദ്രൻ ഫെല്ലോഷിപ്പ് പ്രകാശിനായിരുന്നു ലഭിച്ചത്.

ശേഷം 6-ാം പേജിൽ

# ഹൈറേഞ്ചിലെ പരിസ്ഥിതി തകരുന്നു, ആദിവാസികൾ വഞ്ചിക്കപ്പെടുന്നു

(ഒന്നാം പേജിൽ നിന്നും തുടർച്ച)

## മതികെട്ടാൻചോല : മാണിരക്ഷപ്പെട്ടേക്കും

മതികെട്ടാൻചോല വനം കൈയേറ്റം പുറത്തുവന്നെങ്കിലും അതിന് ചുക്കാൻ പിടിച്ച റവന്യൂവകുപ്പുമന്ത്രി കെ. എം. മാണി അടക്കമുള്ളവർ രക്ഷപ്പെടാൻ സാധ്യതയേറുന്നു. കേരളകോൺഗ്രസ് (എം)നേതാക്കളോടൊപ്പം ജില്ലയിലെ എല്ലാപ്രമുഖരാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകരും കൈയേറ്റത്തിൽ ഉൾപ്പെട്ടതുകൊണ്ട് കാര്യമായ സമ്മർദ്ദം തനിയ്ക്ക് നേരെ ഉണ്ടാവില്ലെന്നാണ് മാണി കണക്ക് കൂട്ടുന്നത്.

ആദിവാസികളെ മുൻനിറുത്തി സമുദ്രനിരപ്പിൽ നിന്നും 2200ലേറെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന അപൂർവ്വനിബിഡവനങ്ങളായിരുന്ന ചോലക്കാടുകൾ കൈയേറിയവരിൽ മാണിയുടെ അടുത്ത ബന്ധുക്കളുമുണ്ട്. മാണിയുടെ സഹോദരിയുടെ മകനായ ഐസക്ക് 300 എക്കർ ഭൂമിയാണ് മതികെട്ടാനിൽ കൈയേറിയത്. കേരള കോൺ. നേതാവായ ജർമ്മൻ ടോമി 500 എക്കർ ഭൂമിയാണ് സ്വന്തമാക്കിയിരിക്കുന്നത്. കാഞ്ഞിരപ്പള്ളിക്കാരനായ വക്കീൽ ചാക്കോ 40 എക്കറും ദേവികുളം ഫോറസ്റ്റ് റെയിഞ്ചർ പി. കെ. ഫ്രാൻസിസിന്റെ ബിനാമി മുട്ടം ബെന്നി 150 എക്കറും കോൺഗ്രസ് നേതാവ് ജി.സുകുമാരൻ 60 എക്കറും മുൻ കോൺഗ്രസ്സ് ബ്ളോക്ക് പ്രസിഡന്റ് കെ.എം. മാത്യൂവും എജന്റ് കാളിയിൽ രാജനും ചേർന്ന് 500 എക്കറും റിട്ടയേഡ് സർവേ സൂപ്രണ്ട് തങ്കപ്പൻ 150 എക്കറും കഞ്ചിത്തണ്ണിക്കാരൻ പാർക്ക് ജോർജ് 12 എക്കറും പന്തളം എസ്റ്റേറ്റുകാർ 40 എക്കർ ഭൂമിയും സ്വന്തമാക്കിയതാണ് മറ്റ് ചില കൈയേറ്റങ്ങൾ. നിരവധി ഭരണ-പ്രതിപക്ഷരാഷ്ട്രീയ പ്രവർത്തകരും സ്വന്തമായും ബിനാമികളെ ഉപയോഗിച്ചും മതികെട്ടാനിൽ ഭൂമി കൈയേറിയിട്ടുണ്ട്. സേവ് മതികെട്ടാൻ ഫോറം പുറത്തിറക്കിയ നോട്ടീസിലും സി. കെ.ജാനു നടത്തിയ പത്രസമ്മേളനത്തിലും മതികെട്ടാൻ വെളുപ്പിച്ചതിൽ മാണിക്കും കൂട്ടാളികൾക്കുമുള്ള പങ്ക് വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൈവശരേഖ സംഘടിപ്പിക്കാൻ കൈയേറ്റക്കാർക്ക് കഴിയാത്തതുകൊണ്ടും സംഘടിപ്പിച്ച രേഖകൾ വ്യാജമാണെന്നതുകൊണ്ടും ഇത് തെളിയിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇത് അറിയാവുന്നതുകൊണ്ടു തന്നെയാണ് കൈയേറ്റക്കാരിൽ തന്റെ ബന്ധുക്കളുണ്ടെന്ന് തെളിയിക്കാൻ മാണി വെല്ലുവിളിക്കുന്നത്.

ഇടുക്കിജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥരെ സംഭവത്തിന്റെ പേരിൽ കൂട്ടത്തോടെ സ്ഥലം മാറ്റിയത് അന്വേഷണം തടസ്സപെടുത്തുവാനുള്ള നീക്കമാണെന്നും ആരോപണമുണ്ട്.

## മതികെട്ടാനിൽ സംഭവിച്ചത്

1992 മുതൽക്കാണ് മതികെട്ടാനിൽ ചെറിയതോതിൽ വനം കൈയേറ്റം ആരംഭിക്കുന്നത്. പിന്നീട് ഈ കോൺഗ്രസ്സ് മന്തിസഭ അധികാരത്തിൽ വന്നതോടെ വൻതോതിലുള്ള കടിയേറ്റത്തിന് ബന്ധപെട്ടവർ പച്ചക്കൊടികാണിക്കുകയായിരുന്നു. ഇതിന് വേണ്ടി ഇടുക്കി ജില്ലാകലക്ടറായി ടി. ജെ.മാത്യുവിനെ മാണി നിയമിച്ചു. ആദിവാസി ഭൂസമരത്തെ ശക്തിയായി എതിർത്തിരുന്ന മാണി വനഭൂമി ആദിവാസികൾക്ക് പതിച്ച് നൽകാനുള്ള കരാറുണ്ടാക്കിയപ്പോൾ അതിന്റെ മറവിൽ ആദിവാസികളെ മുൻനിറുത്തി വനം കൈയേറാനുള്ള പരിപാടി ആസൂത്രണം ചെയ്തു. ആ പരിപാടിയായിരുന്നു മതികെട്ടാനിൽ നടന്നത്. ആദിവാസിഗോത്രമഹാസഭയുടെ ജില്ലാനേതാവും ജില്ലാകലക്ടറുടെ അനിയനുമായ ടി.ജെ.ബിജോയ് ആദിവാസിരാജാവിനെ ഉപയോഗിച്ച് ഭൂമികൈയേറ്റം തുടങ്ങിവെച്ചു. ഇതിന്റെ മറവിലായിരുന്നു വനംമാഫിയ കൈയേറ്റം തുടങ്ങിയത്. വൻമരങ്ങൾ വെട്ടി തമിഴ്നാട്ടിലേക്ക് കടത്തിയും അതിന് പറ്റാത്തിടങ്ങളിൽ തീയിട്ടും ഭൂമി തരിശാക്കി അവിടങ്ങളിൽ രണ്ടും മൂന്നും വർഷം പ്രായമായ ഏലം ചെടികൾ നട്ട് കൈയേറ്റം സുരക്ഷിതമാക്കി.

### ഏലം റിസർവ്വിന്റെ മറവിൽ

കാർഡമം ഹിൽ റിസർവ്വിന്റെ(C.H.R) ഭാഗമായ ഏലത്തോട്ടമാണ് മതികെട്ടാൻ മലയിലെ ചോലക്കാടുകൾ എന്ന നുണപ്രചരണമാണ് വനംമാഫിയ കൈയേറ്റത്തിനായി നടത്തിയ മറ്റൊരു തന്ത്രം. റവന്യൂവകുപ്പിനും വനംവകുപ്പിനും സംയുക്തമായാണ് സി.എച്ച്.ആർ ഭൂമിയുടെ നിയന്ത്രണം. ഇത് പ്രകാരം ഭൂമി റവന്യൂവകുപ്പ് കയ്യാളുമ്പോൾ ഭൂമിയിലെ മരങ്ങൾ വനംവകുപ്പിന്റെ കൈവശമാണ്. വനനിയമങ്ങളെ മറികടക്കാൻ ചോലവനത്തെ സി.എച്ച്.ആർ ആക്കുകയും ആങ്ങിനെകൈവന്ന അധികാരമുപയോഗിച്ച് ഇത് പതിച്ച് നൽകുകയുമാണ് മാണിയും കൂട്ടരും ചെയ്യുത്. ചോലവനം സി. എച്ച്.ആർ ആണെന്ന് സമ്മതിക്കുക വഴി ഈ കൈയേറ്റത്തിന് അരുനിൽക്കുകയാണ് വനംവകുപ്പും ചെയ്യുത്.ഭൂമി പതിച്ച് കൊടുക്കാനായി നിലവിലുള്ള റിസർവ് വനം റവന്യൂതരിശാണ് എന്ന് ഉന്നതോദ്യോഗസ്ഥനെക്കൊണ്ട് റിപ്പോർട്ട് എഴുതിക്കുകയും ചെയ്യിരുന്നു റവന്യൂവകുപ്പ്. യഥാർത്ഥത്തിൽ മതികെട്ടാനിലെ വളരെകുറച്ച് ഭൂമി മാത്രമാണ് കാർഡമം റിസർവായുള്ളൂ ഇതിന് പുറത്തുള്ള ഭൂമിയിലായിരുന്നു കൈയേറ്റം ഇത് തടയുന്നതിൽ പരാജയപ്പെട്ടതാണ് സി. എച്ച്. ആർ വാദം വനംവകുപ്പും ഉന്നയിക്കുന്നതിനുള്ള കാരണം. റവന്യൂവകുപ്പിന് മതികെട്ടാനിൽ പ്രത്യേകതാൽപര്യങ്ങളില്ലെന്നും റവന്യൂഭൂമി വനംവകുപ്പിന് കൈമാറും എന്ന് മാണി പ്രസ്ഥാവിച്ച് കഴിഞ്ഞു. അങ്ങിനെ ഒന്നാം റൗണ്ടിൽ വിജയം മാണിക്ക് തന്നെ